2026
July
11
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# പുതിയ തീരുവ നീക്കത്തിൽ യുഎസിനെതിരെ ഇന്ത്യ, തെളിവെടുപ്പിൽ നിലപാട് കടുപ്പിച്ച് കേന്ദ്രം

**ന്യൂഡൽഹി:** നിർബന്ധിത തൊഴിലുമായി ബന്ധപ്പെട്ട് ഇന്ത്യയടക്കമുള്ള രാജ്യങ്ങൾക്ക് 12.5% തീരുവ ചുമത്താനുള്ള യുഎസിന്റെ നീക്കത്തിൽ പൊരുത്തക്കേടുകൾ ചൂണ്ടിക്കാട്ടി ഇന്ത്യ. യുഎസ് വ്യാപാര പ്രതിനിധി (യുഎസ്ടിആർ) നടത്തുന്ന തെളിവെടുപ്പിലാണ് ഇന്ത്യ നിലപാട് വ്യക്തമാക്കിയത്. തീരുവ നീക്കം ഇരട്ടത്താപ്പാണെന്നാണ് ഇന്ത്യയുടെ പക്ഷം. അവിടെ ഉൽപാദിപ്പിക്കാൻ കഴിയാത്ത ഏകദേശം 1,600 ഉൽപന്നങ്ങൾക്ക് തീരുവ ഭീഷണിയിൽ നിന്ന് യുഎസ് ഇളവു നൽകിയത് ഇതിനു തെളിവാണെന്ന് ഇന്ത്യ ചൂണ്ടിക്കാട്ടി. വാണിജ്യമന്ത്രാലയം ജോയിന്റ് സെക്രട്ടറി ബ്രിജ് മോഹൻ മിശ്രയാണ് തെളിവെടുപ്പിൽ മൊഴിനൽകിയത്.

യുഎസ് ഏർപ്പെടുത്തിയ ഈ ഇളവുകൾ രാജ്യാന്തര വിപണന ശൃംഖലയിലെ നിർബന്ധിത തൊഴിലിന്റെ പ്രത്യാഘാതങ്ങൾ പരിഹരിക്കുകയെന്ന ലക്ഷ്യത്തെ ദുർബലപ്പെടുത്തും. യുഎസിൽ നിന്നുള്ള പരുത്തി ഉപയോഗിച്ച് നിർമിക്കുന്ന തുണിത്തരങ്ങൾക്ക് ഇളവു നൽകുന്ന രീതിയും ഇന്ത്യ ഉന്നയിച്ചു. മറ്റു രാജ്യങ്ങളിലെ ഉൽപാദകർ അസംസ്കൃത വസ്തുക്കൾ എവിടെ നിന്ന് വാങ്ങണമെന്ന തീരുമാനത്തെ സ്വാധീനിക്കുന്ന ഏകപക്ഷീയമായ നടപടിയാണെന്ന് ഇന്ത്യ പറഞ്ഞു. നിർബന്ധിത തൊഴിലെന്ന പ്രശ്നത്തിനുള്ള പരിഹാരമല്ലെന്നും ചൂണ്ടിക്കാട്ടി.



തീരുവ കൂട്ടുന്നത് ഇന്ത്യൻ കയറ്റുമതിക്കാർക്ക് മാത്രമല്ല, ആത്യന്തികമായി യുഎസ് ഉപയോക്താക്കൾക്കാണ് ഭാരമായി മാറുകയെന്ന് തെളിവെടുപ്പിൽ പങ്കെടുത്ത ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി) പ്രതിനിധി ചൂണ്ടിക്കാട്ടി.

ജൂൺ ആദ്യവാരമാണ്, ഇന്ത്യയടക്കം 54 രാജ്യങ്ങൾക്കെതിരെ 12.5% തീരുവ ചുമത്തുമെന്ന് യുഎസ് ഭീഷണിയുയർത്തിയത്. മറ്റു രാജ്യങ്ങളിൽ നിന്ന്, നിർബന്ധിത തൊഴിലിലൂടെ കൃത്രിമമായി ചെലവ് കുറച്ചുണ്ടാക്കിയ ഉൽപന്നങ്ങൾ വാങ്ങുന്നത് തടയാൻ ഇന്ത്യയടക്കമുള്ള രാജ്യങ്ങൾ നടപടിയെടുത്തില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ഭീഷണി.

ഇന്ത്യ പോലുള്ള രാജ്യങ്ങൾ മറ്റു രാജ്യങ്ങളിൽ നിന്ന് ഇത്തരം ഉൽപന്നങ്ങൾ വാങ്ങുന്നത് തങ്ങളുടെ ആഭ്യന്തര ഉൽപാദകർക്ക് തിരിച്ചടിയാണെന്നാണ് യുഎസിന്റെ വാദം. യുഎസിന് ഏറെ ആവശ്യമുള്ള ഭക്ഷ്യ ഉൽപന്നങ്ങൾ, സെമികണ്ടക്ടർ അടക്കമുള്ളവ തീരുവയിൽ നിന്നൊഴിവാക്കിയിട്ടുണ്ട്.

യുഎസ് വ്യാപാരനിയമത്തിലെ 301–ാം വകുപ്പ് പ്രകാരം ഒരു രാജ്യം അധാർമികമായ വ്യാപാരരീതികൾ പിന്തുടരുന്നുവെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടാൽ അവയ്ക്കെതിരെ തീരുവയോ ഇറക്കുമതി നിയന്ത്രണമോ ചുമത്താൻ വ്യവസ്ഥയുണ്ട്.

ഇതിന്റെ കാലാവധി ഈ മാസം 24ന് അവസാനിക്കുകയാണ്. ഇതു തീരുമ്പോഴേക്കും ബദലായി പുതിയ തീരുവകൾ ചുമത്താനുള്ള യുഎസിന്റെ നീക്കമായിട്ടാണ് 301–ാം വകുപ്പ് അനുസരിച്ച് പ്രഖ്യാപിച്ചിരിക്കുന്ന അന്വേഷണങ്ങളെന്നാണ് ആരോപണം.

# ഫാക്ടിൽ കടുത്ത പ്രതിസന്ധി, ഉൽപാദനം വെട്ടിക്കുറച്ചു



**കളമശേരി:** യുദ്ധവും അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും ലഭ്യതക്കുറവുമടക്കമുള്ള പ്രതികൂല സാഹചര്യം കേന്ദ്ര പൊതുമേഖലാ സ്ഥാപനവും വളം നിർമാണക്കമ്പനിയുമായ ഫാക്ടിനെ കടുത്ത പ്രതിസന്ധിയിലാക്കി. ഫാക്ടിന്റെ ഉദ്യോഗമണ്ഡൽ കോംപ്ലക്സിൽ ഫാക്ടംഫോസ് ഉൽപാദനം നിർത്തിവച്ചു.

കൊച്ചിൻ ഡിവിഷനിൽ ഫാക്ടംഫോസ് ഉൽപാദനം പകുതിയാക്കി. അമോണിയം സൾഫേറ്റിന്റെ ഉൽപാദനം ഇന്നോ നാളെയോ നിർത്തിവയ്ക്കുമെന്നാണു സൂചന. അമോണിയ പ്ലാന്റിന്റെ ഉൽപാദനത്തിലും 30 ശതമാനത്തോളം കുറവു വരുത്തി. ഈയിടെ ഉൽപാദനം ആരംഭിച്ച ഡൈ അമോണിയം സൾഫേറ്റ് (!ഡിഎപി) ഉൽപാദനവും നിർത്തിവച്ചു. ഇക്കാര്യങ്ങൾ സംബന്ധിച്ച് ഔദ്യോഗിക പ്രതികരണത്തിനു ഫാക്ടിലെ ഉദ്യോഗസ്ഥർ തയാറായില്ല.

വളത്തിന് ഏറെ ഡിമാൻഡുള്ള ഈ സമയത്ത് നേരിടുന്ന ഈ പ്രതിസന്ധി ഫാക്ടിനെ കനത്ത നഷ്ടത്തിലേക്ക് എത്തിക്കും. കഴി!ഞ്ഞ സാമ്പത്തിക വർഷം 39.6 കോടി രൂപയാണ് ഫാക്ടിന്റെ നഷ്ടം. ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ നഷ്ടം 100 കോടി രൂപയായെന്നു വിശ്വസനീയ കേന്ദ്രങ്ങൾ വെളിപ്പെടുത്തി.

എൽഎൻജിയുടെയും സൾഫറിന്റെയും വിലവർധന ഫാക്ടിനു താങ്ങാനാവുന്നില്ല. ഫാക്ട് ഉൽപാദിപ്പിച്ച 8,000 ടണ്ണോളം അമോണിയം സൾഫേറ്റ് വിപണിയിലെത്തിക്കാനാവാതെ കെട്ടിക്കിടക്കുകയാണ്. 2024 ഏപ്രിൽ മുതൽ കാപ്രോലാക്ടത്തിന്റെ ഉൽപാദനം ഇല്ല. ഉൽപാദനച്ചെലവ് പതിന്മടങ്ങ് വർധിക്കുന്ന സാഹചര്യം നേരിടുന്നതിനു പര്യാപ്തമായ സബ്സിഡിയാണ് ലഭിക്കേണ്ടത്.

എന്നാൽ സബ്സിഡിയിൽ പരിവർത്തനം വരുത്താൻ കേന്ദ്രം തയാറായിട്ടുമില്ല. ഫാക്ടിന്റെ ഓഹരികൾ ഇന്ന് ഉച്ചയ്ക്കുശേഷമുള്ള സെഷനിലേക്ക് കടന്നപ്പോൾ എൻഎസ്ഇയിൽ 0.85% ഉയർന്ന് 857.35 രൂപയിലാണുള്ളത്. 55,486 കോടി രൂപ വിപണിമൂല്യമുള്ള കമ്പനിയാണ് ഫാക്ട്.

# സോളർ വൈദ്യുതി: സെക്യൂരിറ്റി ഡിപ്പോസിറ്റ് പ്രതിമാസ ഉപയോഗത്തിന് ആനുപാതികം

**തിരുവനന്തപുരം:** വൈദ്യുതി റഗുലേറ്ററി കമ്മിഷൻ ജൂൺ 29ന് നൽകിയ നിർദേശപ്രകാരം, സോളർ ഉപയോക്താക്കളുടെ സെക്യൂരിറ്റി ഡിപ്പോസിറ്റ് കഴിഞ്ഞ സാമ്പത്തിക വർഷം ബിൽ ചെയ്ത ശരാശരി പ്രതിമാസ ഉപയോഗത്തിന് ആനുപാതികമായി കണക്കാക്കുമെന്ന് കെഎസ്ഇബി അറിയിച്ചു.

സെക്യൂരിറ്റി ഡിപ്പോസിറ്റ് കണക്കാക്കുമ്പോൾ ഫിക്സഡ് ചാർജ് നിശ്ചയിക്കാൻ ആകെ പ്രതിമാസ വൈദ്യുതി ഉപയോഗമാണു പരിഗണിക്കേണ്ടത് എന്ന നിർദേശവും റഗുലേറ്ററി കമ്മിഷൻ നൽകിയിട്ടുണ്ട്.

ഇതിനകം അഡിഷനൽ കാഷ് ഡിപ്പോസിറ്റ് (എസിഡി) നോട്ടിസ് ലഭിച്ച സോളർ ഉപയോക്താക്കൾക്ക് അതു റഗുലേറ്ററി കമ്മിഷൻ നിർദേശപ്രകാരം പുനഃപരിശോധിച്ചു പുതിയ നോട്ടിസ് നൽകും.

തുക ഇതിനകം അടച്ചവർക്ക് തിരികെ നൽകുകയോ തുടർന്നുള്ള ബില്ലുകളിൽ കുറയ്ക്കുകയോ ചെയ്യും. ഇതിനു കെഎസ്ഇബി സെക്ഷൻ ഓഫിസുകൾക്കു നിർദേശം നൽകും.ഇതിനകം നോട്ടിസ് ലഭിച്ചിട്ടുള്ള സോളർ ഉപയോക്താക്കളെ കണക്കുകൾ പുനഃപരിശോധിച്ചു പുതിയ നോട്ടിസ് നൽകുന്നതു വരെ എസിഡി അടയ്ക്കാത്തതിന്റെ പേരിൽ വൈദ്യുതി വിഛേദിക്കുന്ന നടപടിയിൽനിന്ന് ഒഴിവാക്കുമെന്നും കെഎസ്ഇബി അറിയിച്ചു.






# ശബരിമല തീർഥാടനം: മാസങ്ങൾക്ക് മുൻപേ ഒരുക്കം; 1750 ബസുകളുമായി കെഎസ്ആർടിസി

**ശബരിമല:** ശബരിമല സർവീസുകൾക്കായി കെഎസ്ആർടിസി ഒരുക്കം തുടങ്ങി; ഇത്തവണ അറ്റകുറ്റപ്പണികൾ നേരത്തേ. മുൻവർഷങ്ങളിൽ സർവീസുകൾ ആരംഭിക്കാൻ ആഴ്ചകൾ മാത്രം ബാക്കിനിൽക്കെ നടന്നിരുന്ന ഒരുക്കങ്ങളാണ് ഇത്തവണ മാസങ്ങൾക്കു മുൻപേ കെഎസ്ആർടിസി ആരംഭിച്ചിരിക്കുന്നത്. 1750 ബസുകളാണ് ഇത്തവണ ശബരിമല സർവീസിനായി നിരത്തിലിറക്കുക. കെഎസ്ആർടിസിയുടെ വിവിധ സെൻട്രൽ – റീജനൽ വർക് ഷോപ്പുകളിലും അതത് ഡിപ്പോയിലുമാണ് ബോഡി പണികളും ഫിറ്റ്നസ് പരിശോധനകളും ഉൾപ്പെടെയുള്ള പ്രധാന അറ്റകുറ്റപ്പണികൾ നടന്നുവരുന്നത്.

ആദ്യ ഘട്ടത്തിൽ പമ്പ നിലയ്ക്കൽ ചെയിൻ സർവീസിനുള്ള ലോഫ്ലോർ ബസുകളുടെ അറ്റകുറ്റപ്പണികളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. നിലവിൽ 140 ലോ ഫ്ലോർ നോൺ എസി ബസുകളുടെയും 30 വോൾവോ എസി ലോ ഫ്ലോർ ബസുകളുടെയും റീഫർബിഷിങ് പണികളാണ് വിവിധ വർക് ഷോപ്പുകളിൽ നടക്കുന്നത്. ലോ ഫ്ലോർ ബസുകളുടെ പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത ഘട്ടത്തിൽ മറ്റു ദീർഘദൂര സർവീസുകൾക്കുള്ള ബസുകളുടെ അറ്റകുറ്റപ്പണികൾ ആരംഭിക്കും.

# സംസ്ഥാന കർഷക അവാർഡ് 2025: ജൂലൈ 13 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** 2025 വർഷത്തെ സംസ്ഥാന കർഷക അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ജൂലൈ 13 വരെ ബന്ധപ്പെട്ട കൃഷിഭവനുകളിൽ സമർപ്പിക്കാം.

കാർഷിക മേഖലയിലെ സമഗ്ര സംഭാവനകൾക്ക് ആദരവായി അഞ്ച് ലക്ഷം സമ്മാനത്തുകയുള്ള ഉമ്മൻ ചാണ്ടി സ്മാരക അവാർഡ് പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

മട്ടുപ്പാവ് കൃഷി ചെയ്യുന്ന മികച്ച കർഷകൻ, ഉദ്യാന ശ്രേഷ്ഠ എന്നീ രണ്ട് പുതിയ വിഭാഗങ്ങളും ഈ വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്. 50,000 രൂപയും ഫലകവും പ്രശസ്തിപത്രവുമാണ് ഈ വിഭാഗത്തിൽ ലഭിക്കുക. ആകെ 38 വിഭാഗങ്ങളിലായാണ് ഇത്തവണ സംസ്ഥാന കർഷക അവാർഡുകൾ നൽകുന്നത്.

സംസ്ഥാന കർഷക അവാർഡുകളിൽ കാർഷിക മേഖലയിലെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള സി. അച്യുതമേനോൻ സ്മാരക അവാർഡ് (10 ലക്ഷം), മികച്ച കൃഷിഭവനുള്ള വി.വി. രാഘവൻ സ്മാരക അവാർഡ് (5 ലക്ഷം), പത്മശ്രീ കെ. വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ് (3 ലക്ഷം), സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ് (2 ലക്ഷം), കേരകേസരി (2 ലക്ഷം), പൈതൃക കൃഷി/വിത്ത് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന ആദിവാസി ഉന്നതി/സംഘത്തിനുള്ള അവാർഡ് (2 ലക്ഷം), മികച്ച ജൈവ കർഷകൻ (2 ലക്ഷം) എന്നിവയുൾപ്പെടെ വിവിധ വിഭാഗങ്ങളിലായി അംഗീകാരങ്ങൾ നൽകും.



# ദേശീയപാത 66 നിർമാണ കാലാവധി ഡിസംബർ വരെ നീട്ടി

**കൊല്ലം:** ദേശീയപാത 66 ആറുവരിയായി വികസിപ്പിക്കുന്നതു ഈ വർഷം അവസാനത്തോടെ പൂർത്തിയാക്കാൻ ശ്രമം. നിർമാണ കാലാവധി ഡിസംബർ വരെ നീട്ടി. അതേസമയം പാരിപ്പള്ളിയിൽ മണ്ണിട്ട് ഉയർത്തിയ ഉയരപ്പാത സോയിൽ നെയ്‌ലിങ് നടത്തി ബലപ്പെടുത്തുന്നുണ്ടെങ്കിലും ആശങ്ക ഒഴിയുന്നില്ല. വിദഗ്ധ സംഘം വീണ്ടും പരിശോധിച്ചു സുരക്ഷ ഉറപ്പുവരുത്തണമെന്ന് പ്രദേശവാസികൾ ആവശ്യപ്പെടുന്നു.

പാരപ്പള്ളിയിൽ വയഡറ്റിന്റെ (തൂണുകളിൽ നിർമിച്ച ഫ്ലൈഓവറിൽ) ബീമിനു ഉണ്ടായ നേരിയ വളവ് നിർമാണ ഘട്ടത്തിൽ ഉണ്ടായതാണെന്ന് കരുതുന്നു. ബീമുകൾ നിർമിച്ച ശേഷം അവ തൂണുകൾക്ക് മുകളിൽ ഉറപ്പിക്കുകയാണ് ചെയ്യുന്നത്. തിരുവനന്തപുരം ജില്ലയിൽ പള്ളിപ്പുറം ഉൾപ്പെടെ ചില ഇടങ്ങളിലും ബീമിനു നേരിയ വളവു കണ്ടെത്തിയിരുന്നു. ഇവിടങ്ങളിലും ബീമുകൾ സ്റ്റീൽ സ്ട്രക്ചർ കണക്ഷൻ നടത്തിയിട്ടുണ്ട്. ഐഐടിയിൽ നിന്നുള്ള സാങ്കേതിക വിദഗ്ധരുടെ നിർദേശ പ്രകാരമാണിത്.

ഉയരപ്പാതയിൽ പലയിടത്തും റീ ഇൻഫോഴ്സ്ഡ് എർത്ത് പാനൽ (ആർഇ പാനൽ) പുറത്തേക്ക് തള്ളുന്നതിനെ തുടർന്നാണ് പാനൽ തുരന്ന് ഇരുമ്പ് ദണ്ഡ് കയറ്റി ബലപ്പെടുത്തുന്ന സോയിൽ നെയ്‌ലിങ് നടത്തുന്നത്. കനത്ത മഴയിൽ ഉയരപ്പാതയുടെ ഉള്ളിലേക്ക് വെള്ളം കൂടുതൽ ഇറങ്ങി അപകടത്തിനു വഴി വച്ചേക്കാം എന്നാണ് ആശങ്ക. വെള്ളം പെട്ടെന്ന് സർവീസ് റോഡിലേക്ക് ഒഴുകി പോകുന്നതിന്, മറ്റിടങ്ങളിൽ നിന്നു വ്യത്യസ്തമായി ഒട്ടേറെ പൈപ്പുകൾ അധികമായി സ്ഥാപിച്ചിട്ടുണ്ട്. വാഹന ഗതാഗതം പൂർണതോതിൽ ആരംഭിക്കുന്നതിന് മുൻപ് വിദഗ്ധർ വീണ്ടും പരിശോധിച്ചു സുരക്ഷ ഉറപ്പാക്കണം എന്നാണ് ആവശ്യം.

റോഡ് വികസനത്തിന് 6 മാസം കൂടി നീട്ടി നൽകിയെങ്കിലും മേവറത്ത് ഫ്ലൈഓവറിന്റെ തൂണുകൾക്കുള്ള പൈലിങ് പോലും തുടങ്ങിയിട്ടില്ല. കഴിഞ്ഞ ഡിസംബറിൽ റോഡ് തകർന്ന മൈലക്കാട് ആണ് ജോലി കാര്യമായി നടക്കുന്നത്. മറ്റിടങ്ങളിൽ സ്തംഭനാവസ്ഥയിലോ, ഇഴഞ്ഞു നീങ്ങുകയോ ആണ്. ചാത്തന്നൂർ മണ്ഡലത്തിൽ ദേശീയപാത കടന്നുപോകുന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് പരിഹരിക്കാൻ ശാശ്വത നടപടി സ്വീകരിക്കുമെന്ന് കലക്ടർ ആനി ജൂല തോമസ്. പാരിപ്പള്ളി ജംക്ഷനിൽ ദേശീയപാതയിൽ നിന്നുള്ള വെള്ളം സ്വകാര്യ വ്യക്തിയുടെ സ്ഥലത്തേക്ക് ഒഴുക്കി വെള്ളക്കെട്ടുണ്ടാക്കുന്നു എന്ന പരാതി പരിഹരിക്കാൻ പൊതുമരാമത്ത് വകുപ്പും ദേശീയപാത അതോറിറ്റിയും ചേർന്നു പരിശോധന നടത്തും. കല്ലുവാതുക്കൽ, ഇത്തിക്കര, ചാത്തന്നൂർ എന്നിവിടങ്ങളിലെ ഓട നിർമാണ പ്രവർത്തനങ്ങൾ, സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളിലേക്ക് വെള്ളം ഒഴുകിയെത്തുന്നതുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ പരിഹരിക്കുന്നതിനും വിവിധ വകുപ്പുകളുടെ പരിശോധന നടത്താൻ യോഗത്തിൽ തീരുമാനമായി. ദേശീയപാതയിലെ ഓടകളിൽ മാലിന്യം തള്ളുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ കലക്ടർ തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദേശം നൽകി. കലക്ടറുടെ അധ്യക്ഷതയിൽ ചേംബറിൽ ചേർന്ന യോഗത്തിൽ ബി.ബി ഗോപകുമാർ എം.എൽ.എ പങ്കെടുത്തു.

# ശബരിമല തീർഥാടനത്തിന് മുന്നോടിയായി പരാതികൾ പരിഹരിക്കണം: മന്ത്രി കെ മുരളീധരൻ

**തിരുവനന്തപുരം:** ഈ വർഷത്തെ ശബരിമല തീർഥാടനകാലം സുഗമമായി നടത്തുന്നതിനായി പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ദേവസ്വം മന്ത്രി കെ മുരളീധരൻ പറഞ്ഞു. എംഎൽഎമാരുടെയും ദേവസ്വം ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ ഗസ്റ്റ് ഹൗസിൽ ചേർന്ന് ശബരിമലതീർഥാടന അവലോകനയോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

തീർഥാടനത്തിന് വളരെ നേരത്തെ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കണം. കോടിക്കണക്കിന് ഭക്തർ എത്തുന്ന സാഹചര്യത്തിൽ അവർക്കാവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തുക എന്നതിൽ വിട്ടുവീഴ്ച പാടില്ല. കഴിഞ്ഞ വർഷത്തെ പോരായ്മകൾ പരിഹരിക്കുന്നതിന് പ്രഥമ പരിഗണന നൽകണം. കഴിഞ്ഞ തീർഥാടന കാലത്തിന്റെ ആദ്യ ആഴ്ചയിലുണ്ടായതു പോലുള്ള അമിത തിരക്ക് നിയന്ത്രിക്കാനും പോലീസ് പ്രത്യേക ശ്രദ്ധ പുലർത്തണം. ചില തീർഥാടകർക്ക് പന്തളത്ത് വെച്ച് യാത്ര അവസാനിപ്പിക്കേണ്ടി വന്ന സാഹചര്യം ഉണ്ടായത് ഒഴിവാക്കണം.

കഴിഞ്ഞ തവണ ദേവസ്വം ബോർഡ് അംഗങ്ങൾ ചുമതലയേറ്റ് കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ തീർഥാടനം ആരംഭിച്ചതിനാൽ വേണ്ടത്ര ഒരുക്കങ്ങൾക്ക് സമയം ലഭിച്ചിരുന്നില്ല. എന്നാൽ ഇത്തവണ വളരെ നേരത്തെ തന്നെ കാര്യങ്ങളിൽ വ്യക്തത വരുത്തി മുന്നോട്ടു പോകാൻ സാധിക്കണം. തീർഥാടനത്തിന്റെ തുടക്കം മുതൽ തന്നെ റോഡുകൾ കൃത്യമായി അറ്റകുറ്റപ്പണികൾ നടത്തി സജ്ജമാക്കാൻ നിർദേശം നൽകണം.

ആവശ്യത്തിന് ബസ് സർവീസുകൾ ലഭ്യമാക്കുന്നതിനായി ഗതാഗത മന്ത്രിയുമായി സംസാരിക്കുകയും അദ്ദേഹം പൂർണ സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. വലിയ വാഹനങ്ങളിൽ ബുക്ക് ചെയ്ത് വരുന്ന തീർഥാടകരെ നിലക്കലിൽ ഇറക്കിവിടുന്നത് മൂലം അവർക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയും ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ ആവശ്യമായ നടപടികൾ പരിഗണനയിലാണ്. ഇത്തരം വാഹനങ്ങളെ പമ്പയിലേക്ക് നേരിട്ട് വിടുന്ന കാര്യത്തിൽ പോലീസുമായി ആലോചിച്ച് അന്തിമ തീരുമാനമെടുക്കും.

ശബരിമല തീർഥാടനത്തിന്റെ പൂർണ ചുമതല ദേവസ്വം ബോർഡിനാണെങ്കിലും ഇതിൽ സംസ്ഥാന സർക്കാരിനാണ് വലിയ ഉത്തരവാദിത്തമുള്ളതെന്ന് പറഞ്ഞു. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ഭക്തർ ഇത്തവണ എത്താൻ സാധ്യതയുള്ളതിനാൽ അതീവ ജാഗ്രതയോടെയുള്ള മുന്നൊരുക്കങ്ങളാണ് നടത്തുന്നത്. തയ്യാറെടുപ്പുകൾ കൂടുതൽ ഊർജിതമായി വിലയിരുത്തുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉടൻ തന്നെ ഉന്നതതല യോഗം ചേരുമെന്നും മന്ത്രി പറഞ്ഞു.

ആന്റോ ആന്റണി എംപി, എംഎൽഎ മാരായ അബിൻ വർക്കി, പഴകുളം മധു, എം ജെ സെബാസ്റ്റ്യൻ, സി വി ശാന്തകുമാർ, കെ യു ജെനിഷ് കുമാർ, വർഗീസ് മാമൻ, ദേവസ്വം സെക്രട്ടറി എം ജി രാജമാണിക്യം, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ, പത്തനംതിട്ട കളക്ടർ എ നിസാമുധീൻ, പത്തനംതിട്ട പോലീസ് സൂപ്രണ്ട് ആർ ആനന്ദ് തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

## തേങ്ങയ്ക്കും ഉത്പന്നങ്ങൾക്കും ന്യായവില: കേര കൃഷിയിലേക്ക് മടങ്ങിവരവ്

**കോഴഞ്ചേരി:** നാളികേരത്തിനും, കേര ഉത്പന്നങ്ങൾക്കും ന്യായവില ലഭിച്ചു തുടങ്ങിയതോടെ നാട്ടിൻപുറങ്ങളിൽ തെങ്ങ് കൃഷി മടങ്ങിവരുന്നു. ചിരട്ടയ്ക്കും ഡിമാൻഡ് ഏറിയതോടെ കേര കർഷകർ പ്രതീക്ഷയിലാണ്. നാളികേരത്തിന്റെയും വെളിച്ചെണ്ണയുടെയും വിലയിലും കാര്യമായ ഇടിവുണ്ടായിട്ടില്ലെന്നതു കർഷകർക്ക് ആശ്വാസമാണ്.

ഇതോടെ തെങ്ങിൻ തൈകൾ പുതുതായി നട്ടുപിടിപ്പിക്കുന്ന കർഷകരുടെ എണ്ണത്തിൽ മുൻകാലങ്ങളിലേതിനേക്കാൾ വർധനയുണ്ട്. പൊതുവിപണിയിൽ ചക്കിലാട്ടിയ വെളിച്ചെണ്ണയ്ക്കും അതിലുപരി അടുത്തയിടെ ചിരട്ടയ്ക്കും മൂല്യം ഉയർന്നതാണ് തെങ്ങ് കൃഷിയിലേക്ക് ആളുകൾ തിരിയാൻ കാരണമെന്ന് പറയുന്നു.

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ജില്ലയിലെ കൃഷി ഭവനുകളിൽ തെങ്ങിൻ തൈകളുടെ ആവശ്യകത ഏറിയിരിക്കുകയാണെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ റെജിമോൾ തോമസ് പറഞ്ഞു. കുറ്റ്യാടി തെങ്ങിൻതൈകൾക്ക് 300 350 രൂപയാണ് കൃഷിഭവനുകളിലെ വില.

പന്തളത്തെ കൃഷി ഫാമിൽ നിന്നും തിരുവനന്തപുരം കഴക്കൂട്ടം ഫാമിൽ നിന്നുമാണ് തെങ്ങിൻ തൈകൾ എത്തുന്നത്. ഹൈബ്രീഡ് തെങ്ങിൻതൈകൾക്കും ആവശ്യക്കാർ ഏറിയിരിക്കുകയാണ്. കുറ്റ്യാടി തൈകളാണ് ഏറെയും കർഷകർ ആവശ്യപ്പെടുന്നത്. മികച്ച ഉത്പാദന ക്ഷമതയാണ് ഇതിന് കാരണമായിട്ടുള്ളത്. ഹൈബ്രീഡ് തൈകൾക്കും ആവശ്യക്കാർ ഏറെയാണ്. കുള്ളൻ തൈകൾക്കും മുൻകാലത്തുനിന്നും വ്യത്യസ്തമായി ഡിമാൻഡുണ്ട്.

സ്വകാര്യ നഴ്സറികളിലും തെങ്ങിൻതൈകളുടെ വില്പന ഏറിയിട്ടുണ്ട്. റ്റി ഇൻറു ഡി ഹൈബ്രിഡ് ഇനങ്ങളും നഴ്സറിയിൽ എത്തിയിട്ടുണ്ട്. ചിരട്ടക്ക് ഇപ്പോൾ കിലോഗ്രാമിന് 30 35 രൂപ വരെയാണുള്ളത്. കർണാടക, തമിഴ്നാട് തുടങ്ങിയ അയൽ സംസ്ഥാനങ്ങളിലേക്കാണ് ദിനംപ്രതി ലോഡുകണക്കിന് ചിരട്ടകൾ കൊണ്ടുപോകുന്നത് .

സൗന്ദര്യ വർധക വസ്തുക്കൾ, പെയിൻറ് ഉത്പന്നങ്ങൾ, ആക്ടിവേറ്റഡ് കാർബൺ എന്നിവ നിർമിക്കുന്നതിനുള്ള മുഖ്യ ഘടകം ചിരട്ടയാണ്. തമിഴ്നാട്ടിലും മറ്റും ജലശുദ്ധീകരണത്തിനും ചിരട്ടക്കരിയാണുപയോഗിക്കുന്നത്. മുൻ വർഷങ്ങളിൽ തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിരുന്നു. ഇത്തവണ പദ്ധതികളൊന്നുമില്ലെങ്കിലും കർഷകർ കേരകൃഷിയിലേക്ക് മടങ്ങിവരികയാണ്.

## ഐഎസ്ഒ സർട്ടിഫിക്കേഷൻ: കുടുംബശ്രീ കോഴിക്കോട് ജില്ലാമിഷന് നൂറുമേനി

**കോഴിക്കോട്:** ഐഎസ്ഒ നിലവാരം കൈവരിക്കുന്നതിൽ നൂറ് മേനി നേട്ടവുമായി ജില്ലയിലെ സിഡിഎസുകൾ. ജില്ലയിലെ 82 സിഡിഎസുകളാണ് ഉന്നത ഗുണമേന്മ മുദ്രയായ ഐഎസ്ഒ 9001:2015 നിലവാരം കരസ്ഥമാക്കിയത്. ആദ്യഘട്ടത്തിൽ 58 സിഡിഎസുകളും രണ്ടാം ഘട്ടത്തിൽ 24 സിഡിഎസുകളുമാണ് സർട്ടിഫിക്കേഷൻ നേടിയത്. ഇതിലൂടെ ഇവരുടെ നേതൃത്വത്തിൽ കുടുംബശ്രീ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും നൽകി വരുന്ന സേവനങ്ങൾക്ക് ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്താൻ സാധിക്കും. കിലയുടെ സഹകരണത്തോടെയാണ് സിഡിഎസുകൾക്ക് ഐഎസ്ഒ നേടാനായത്.

ഓഫീസ് സംവിധാനത്തിൻറെയും വിഭവങ്ങളുടെയും കാര്യക്ഷമതയും ഫലപ്രാപ്തിയും ഉറപ്പുവരുത്തുക, ബൈലോ പ്രകാരം ചെയ്യേണ്ട കാര്യങ്ങൾ സമയബന്ധിതമായും കൃത്യമായും നിർവഹിക്കുക, പശ്ചാത്തല സൗകര്യങ്ങളും അനുബന്ധ കാര്യങ്ങളും മെച്ചപ്പെടുത്തുക, നൽകുന്ന സേവനങ്ങളുടെ ഗുണം ഉറപ്പുവരുത്തുക തുടങ്ങി ഒട്ടേറെ ലക്ഷ്യങ്ങൾ നേടാൻ ഐഎസ്ഒ നേടുന്നതിലൂടെ സാധിക്കും. പ്രവർത്തനങ്ങളിലും സേവനങ്ങളിലും ക്വാളിറ്റി മാനേജ്മെൻറ് സമ്പ്രദായം നടപ്പിലാക്കിയാണ് അന്താരാഷ്ട്ര നിലവാരത്തിലേക്കുള്ള സിഡിഎസുകളുടെ മാറ്റം സാധ്യമാക്കിയത്. സേവനങ്ങളിലെ കാര്യക്ഷമത, ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം, മികച്ച ഓഫീസ് സംവിധാനം, സ്ത്രീഭിന്നശേഷിവയോജന സൗഹൃദ സേവനങ്ങൾ, രേഖകളുടെ കൃത്യമായ സൂക്ഷിപ്പും പരിപാലനവും, ഫ്രണ്ട് ഓഫീസ്, ഹെൽപ്ഡെസ്ക് സംവിധാനങ്ങൾ, അംഗ പങ്കാളിത്തത്തോടയുള്ള ഗുണനിലവാര നയരൂപീകരണം തുടങ്ങിയ ഘടകങ്ങൾ ഐഎസ്ഒ പ്രക്രിയയിലൂടെ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇവ വിലയിരുത്തിയാണ് ഐഎസ്ഒ സർട്ടിഫിക്കറ്റുകൾ നൽകുക. പ്രാദേശിക സാമ്പത്തിക വികസന പ്രവർത്തനങ്ങളിലും പ്രാദേശിക ഗവൺമെൻറിൻറെ പദ്ധതി രൂപീകരണം മുതൽ നിർവഹണം വരെയുള്ള ഘട്ടങ്ങളിലും സിഡിഎസുകളുടെ ഐഎസ്ഒ നിലവാരം ഗുണപരമായ മാറ്റം സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാമ്പ്രദായികമായ രീതികളിൽ നിന്നും വ്യത്യസ്തമായി കാലാനുസൃതമായ സേവനങ്ങൾ കാലതാമസം ഇല്ലാതെ അർഹതപ്പെട്ട വിഭാഗങ്ങൾക്ക് ലഭ്യമാക്കാൻ ഇതിലൂടെ കഴിയുമെന്ന് കുടുംബശ്രീ ജില്ലാമിഷൻ കോ ഓർഡിനേറ്റർ പി.സി. കവിത പറഞ്ഞു.



## ധന്യൻ മാർ ഈവാനിയോസ് തീർഥാടന പദയാത്രയ്ക്കു തിരുവല്ലയിൽ തുടക്കമായി

**തിരുവല്ല:** ധന്യൻ ആർച്ച്ബിഷപ് ഗീവർഗീസ് മാർ ഈവാനിയോസിന്റെ 73ാം ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് എംസിവൈഎം തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പട്ടം സെൻറ് മേരീസ് കത്തീഡ്രലിലേക്കുള്ള 31-ാമത് തീർഥാടന പദയാത്ര തിരുവല്ല സെൻറ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ നിന്ന് ആരംഭിച്ചു.

മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, എംസിവൈഎം തിരുവല്ല അതിഭദ്രാസനം പ്രസിഡൻറ് ജിബിൻ കെ. ജോണിന് വള്ളിക്കുരിശ് കൈമാറി. എംസിവൈഎം പതാക തിരുവല്ല അതിഭദ്രാസനം അധ്യക്ഷൻ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ജനറൽ സെക്രട്ടറി ലിജോ വിൽസണും പേപ്പൽ പതാക സഭയുടെ കൂരിയ മെത്രാൻ ഡോ. ആൻറണി മാർ സിൽവാനോസ് എപ്പിസ്കോപ്പ, സെക്രട്ടറി മഹിമ എൽസ ജോസഫിനും കാതോലിക്കാ പതാക മൂവാറ്റുപുഴ ഭദ്രാസന അധ്യക്ഷൻ ഡോ. യൂഹാനോൻ മാർ തിയോഡോഷ്യസ് മെത്രാപ്പോലീത്ത സെക്രട്ടറി ജോയൽ മാത്യൂസ് ഏബ്രഹാമിനും നൽകിക്കൊണ്ട് പദയാത്ര ആരംഭിച്ചു.

കറ്റോട് എത്തിച്ചേർന്ന പദയാത്രയ്ക്ക് പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിലായ തിരുമൂലപുരം സെൻറ് മേരീസ് മലങ്കര കത്തോലിക്കാ ഇടവകാംഗങ്ങൾ വള്ളിക്കുരിശിൽ ഹാരം അണിയിച്ച് സ്വീകരിച്ചു. തുടർന്ന് തോട്ടഭാഗം പിന്നിട്ട പദയാത്ര 6. 30-ാടെ വെണ്ണിക്കുളം സെൻറ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയത്തിലെത്തി. ഇന്നുരാവിലെ ഏഴിന് വെണ്ണിക്കുളം സെൻറ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ ആർച്ച് ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയുടെ കാർമികത്വത്തിൽ വിശുദ്ധകുർബാന,ധൂപപ്രാർഥന എന്നിവയോടെ ആരംഭിച്ച് പുത്തൻപീടികയിൽ റാന്നി പെരുന്നാട്ടിൽനിന്നും ആരംഭിക്കുന്ന പ്രധാന പദയാത്രയുമായി സംഗമിക്കും.

പദയാത്രയ്ക്ക് അതിരൂപത മുഖ്യ വികാരി ജനറാൾ മോൺ.ഡോ. ഐസക് പറപ്പള്ളിൽ, തിരുവല്ല മേഖല വികാരിയും സെൻറ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ വികാരിയുമായ ഫാ. ജോസ് കല്ലുമാലിക്കൽ, അസിസ്റ്റൻറ് വികാരി ഫാ. നൈനാൻ വെട്ടീരേത്ത്, എംസിവൈഎം തിരുവല്ല അതിഭദ്രാസന ഡയറക്ടർ ഫാ. ചെറിയാൻ കുരിശുംമൂട്ടിൽ, പ്രസിഡൻറ് അഡ്വ. ജിബിൻ കെ. ജോൺ, ജനറൽ സെക്രട്ടറി ലിജോ വിൽസൺ, ട്രഷറാർ ജോബിൻ ജോയ്, വൈസ് പ്രസിഡൻറ് അമൽ കെ. ഏബ്രഹാം,

ക്രിസ്റ്റീന ട്രീസ ആൻറണി, സെക്രട്ടറി മഹിമ എൽസ ജോസഫ്, ജോയൽ മാത്യൂസ് ഏബ്രഹാം, സഭാതല സിൻഡിക്കേറ്റ് അംഗം സനൽ സാം, കെസിവൈഎം സിൻഡിക്കേറ്റ് അംഗം അലീന മരിയ ജോർജ്, യൂത്ത് കോഓർഡിനേറ്റർ സിസ്റ്റർ മനജ്ഞ എസ്ഐസി, ആനിമേറ്റർ ഷിബി മണ്ണിൽ, ജിജിമോൾ ജോസഫ്, വിവിധ മേഖലകളുടെ ഡയറക്ടർമാർ, ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.



## എസ്ബി ഹയർ സെക്കൻഡറി സ്കൂളിൽ മെറിറ്റ് ഡേ ആഘോഷിച്ചു

**ചങ്ങനാശേരി:** എസ്ബി ഹയർ സെക്കൻഡറി സ്കൂളിൽ 202526 അധ്യയന വർഷത്തിലെ എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികളെ അനുമോദിക്കുന്നതിനായി മെറിറ്റ്ഡേ സംഘടിപ്പിച്ചു. വിനു ജോബ് എംഎൽഎ സമ്മേളനം ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. ഡോ. ടോണി ചെത്തിപ്പുഴ അധ്യക്ഷത വഹിച്ചു. അതിരൂപതാ വികാരി ജനറാൾ മോൺ. ജോൺ തെക്കേക്കര മുഖ്യപ്രഭാഷണവും വിവിധ ക്ലബുകളുടെ ഉദ്ഘാടനവും നിർവഹിച്ചു. പ്രിൻസിപ്പൽ ഫാ. റോജി വല്ലയിൽ, ഹെഡ്മാസ്റ്റർ വിനോദ് ബാബു,

കോർപറേറ്റ് മാനേജ്മെൻറ് അസിസ്റ്റൻറ് മാനേജർ ഫാ. സെബാസ്റ്റ്യൻ ചാലക്കൽ, പിടിഎ പ്രസിഡൻറ് ടിങ്കിൾ പി. ജോൺ, സ്കൂൾ ലീഡർ സിറിൾ സന്തോഷ്, ലാലിച്ചൻ ജോസഫ്, തുടങ്ങിയവർ പ്രസംഗിച്ചു. ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് മെമൻറോ നൽകി ആദരിച്ചു.

# എലിപ്പനി പ്രതിരോധം: കൃത്യമായ മുന്നൊരുക്കങ്ങളോടെ നേരിടാം ഈ മഴക്കാലത്തെ



**ഡോ. സ്മിത മുരളീധരൻ**
സീനിയർ കൺസൾട്ടന്റ്
ഇന്റേണൽ മെഡിസിൻ,
ആസ്റ്റർ മെഡ്സിറ്റി, കൊച്ചി

മഴക്കാലം ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ സമയത്ത് ഇനി ഏറെ കരുതേണ്ട ഒന്നാണ് സാംക്രമിക രോഗങ്ങൾ. അതിൽ തന്നെ നമ്മുടെ നാട്ടിൽ അടുത്തിടെയായി വർധിച്ചുവരുന്ന അസുഖമാണ് എലിപ്പനി. കനത്ത മഴക്കാലത്ത് കൃത്യമായി പ്രതിരോധവും മുൻകരുതലുകളും എടുത്തില്ലെങ്കിൽ എലിപ്പനി കൂടുതലായി പടരുന്നതിന് കാരണമാകാം. ചൂടും മഴയും മാറി മാറി വന്നുകൊണ്ടിരിക്കുന്ന നമ്മുടെ ഈർപ്പം കൂടിയ കാലാവസ്ഥയും വെള്ളം കെട്ടിക്കിടക്കുന്ന സാഹചര്യങ്ങൾ കൂടുതലുള്ളതും എലിപ്പനിക്ക് കാരണമാകുന്ന ബാക്ടീരിയ പെരുകുന്നതിന് വഴിവെക്കുന്നവയാണ്.

## എന്താണ് എലിപ്പനി? കാരണങ്ങൾ

'ലെപ്റ്റോസ്പൈറ' എന്ന ബാക്ടീരിയ ശരീരത്തിൽ പ്രവേശിക്കുന്നത് വഴിയാണ് എലിപ്പനി അഥവാ ലെപ്റ്റോസ്പിറോസിസ് ഉണ്ടാകുന്നത്. പ്രധാനമായും എലികളുടെ മൂത്രത്തിലൂടെയാണ് ഈ ബാക്ടീരിയ പുറന്തള്ളപ്പെടുന്നത്. വളരെ അപൂർവ്വമായി നായ, പൂച്ച, പശു, പന്നി തുടങ്ങിയ മറ്റ് വളർത്തുമൃഗങ്ങളുടെയും ഇത് പകരാം. കനത്ത മഴ പെയ്യുമ്പോൾ ഇവരുടെ വിസർജ്യങ്ങൾ വെള്ളപ്പൊക്കത്തിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും മണ്ണിലും കലരുന്നു. ഈ മലിനജലവുമായി സമ്പർക്കം ശരീരത്തിലെ ചർമ്മത്തിലെ മുറിവുകൾ, കണ്ണ്, മൂക്ക്, വായ എന്നിവയിലൂടെ ബാക്ടീരിയ ശരീരത്തിൽ പ്രവേശിക്കാം. മലിനമായ ആഹാരത്തിലൂടെയോ വെള്ളത്തിലൂടെയോ രോഗം പകരാം.

## രോഗലക്ഷണങ്ങൾ:

പ്രാരംഭ ഘട്ടത്തിൽ സാധാരണ പനിയായി തോന്നിപ്പിക്കുമെങ്കിലും ശക്തമായ പനിയും വിറയലും, കടുത്ത തലവേദനയും പ്രകാശത്തിലേക്ക് നോക്കാൻ പ്രയാസം, പേശികളിലെ അസഹനീയമായ വേദന, കണ്ണുകൾക്ക് കടുത്ത ചുവപ്പ് നിറം, ഛർദ്ദി, വയറുവേദന, വയറിളക്കം, കടുത്ത ക്ഷീണം പോലുള്ള ലക്ഷണങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

ചിലരിൽ പനി കുറഞ്ഞതിനു ശേഷം രോഗം കൂടുതൽ ഗുരുതരമായ രണ്ടാം ഘട്ടത്തിലേക്ക് കടക്കാം. ഈ ഘട്ടത്തിൽ കണ്ണ്, ചർമ്മം എന്നിവ മഞ്ഞനിറമാവുക, മൂത്രത്തിന്റെ അളവ് കുറയാം, കറുത്ത നിറത്തിൽ മലം പോവുകയോ രക്തം ഛർദ്ദിക്കുകയോ ചെയ്യുക, ശ്വാസതടസ്സം എന്നിവ ഉണ്ടാകാം. ഇത് വൃക്ക, കരൾ എന്നിവയുടെ പ്രവർത്തനത്തെ ബാധിച്ച് മരണത്തിന് വരെ കാരണമായേക്കാം.




## പ്രതിരോധവും മുൻകരുതലുകളും:

- കൃത്യമായ ശുചിത്വ ശീലങ്ങളിലൂടെയും മുൻകരുതലുകളിലൂടെയും എലിപ്പനിയെ പൂർണ്ണമായും പ്രതിരോധിക്കാൻ സാധിക്കും.
- കെട്ടിക്കിടക്കുന്ന വെള്ളത്തിലോ ചെളിയിലോ ഇറങ്ങാതിരിക്കുക. നിർബന്ധമാണെങ്കിൽ ഗംബൂട്ട്, ഗ്ലൗസ് എന്നിവ ധരിക്കുക.
- ശരീരത്തിൽ മുറിവുകളുണ്ടെങ്കിൽ വാട്ടർപ്രൂഫ് പ്ലാസ്റ്റർ ഉപയോഗിച്ച് പൂർണ്ണമായും മൂടുക. മലിനജലവുമായി സമ്പർക്കം ഉണ്ടായാൽ ഉടൻ തന്നെ സോപ്പും വൃത്തിയുള്ള വെള്ളവും ഉപയോഗിച്ച് കഴുകുക.
- തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക. ആഹാരസാധനങ്ങൾ മൂടിവെക്കുക. കിണറുകൾ ക്ലോറിനേഷൻ നടത്തി ശുദ്ധീകരിക്കുക.
- എലി നശീകരണത്തിന് മുൻഗണന നൽകുകയും വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുക.
- മലിനജലവുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നവർ ഡോക്ടറുടെ നിർദ്ദേശപ്രകാരം 'ഡോക്സിസൈക്ലിൻ' പ്രതിരോധ ഗുളിക കഴിക്കുക.

തുടക്കത്തിലേ കണ്ടെത്തിയാൽ ആന്റിബയോട്ടിക്കുകൾ ഉപയോഗിച്ച് എലിപ്പനി പൂർണ്ണമായും ഭേദമാക്കാം. അതിനാൽ ഈ മഴക്കാലത്ത് പനി വന്നാൽ സ്വയംചികിത്സ പൂർണ്ണമായും ഒഴിവാക്കി, ഉടൻ തന്നെ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ എത്തി ഡോക്ടറുടെ സേവനം തേടാൻ മടിക്കരുത്.

# പ്രോസ്റ്റേറ്റ് പ്രശ്നങ്ങൾ തിരിച്ചറിയാം, സമയത്ത് ചികിത്സിക്കാം

പ്രായമായവരിൽ കൂടുതലായി കാണുന്ന ആരോഗ്യപ്രശ്നങ്ങളിലൊന്നാണ് പ്രോസ്റ്റേറ്റ് സംബന്ധമായ അസുഖങ്ങൾ. പുരുഷന്മാരിൽ മൂത്രാശയത്തിന് താഴെ സ്ഥിതിചെയ്യുന്ന ചെറിയ ഗ്രന്ഥിയാണ് പ്രോസ്റ്റേറ്റ്. പ്രായം കൂടുന്തോറും ഈ ഗ്രന്ഥിയിൽ വിവിധ മാറ്റങ്ങൾ സംഭവിക്കാം. അതിൽ ഏറ്റവും സാധാരണമായത് പ്രോസ്റ്റേറ്റിന്റെ വലുപ്പം കൂടുന്ന അവസ്ഥയായ ബെനിൻ പ്രോസ്റ്റാറ്റിക് ഹൈപ്പർപ്ലാസിയ ആണ്. പ്രോസ്റ്റേറ്റ് അണുബാധ, പ്രോസ്റ്റേറ്റ് കാൻസർ തുടങ്ങിയവയും കണ്ടുവരുന്നു.



പ്രോസ്റ്റേറ്റ് പ്രശ്നങ്ങളുടെ പ്രധാന ലക്ഷണങ്ങൾ പ്രകടമാകുന്നത് പലപ്പോഴും മൂത്രമൊഴിക്കുന്നതുമായി ബന്ധപ്പെട്ടാണ്. രാത്രി പലതവണ മൂത്രമൊഴിക്കാൻ എഴുന്നേൽക്കുക, മൂത്രധാരയുടെ കനം കുറയുക, മൂത്രം പൂർണമായി പോകുന്നില്ലെന്ന തോന്നൽ, മൂത്രമൊഴിക്കുമ്പോൾ ബുദ്ധിമുട്ട്, അടിയന്തരമായി മൂത്രമൊഴിക്കണമെന്ന തോന്നൽ എന്നിവ സാധാരണ ലക്ഷണങ്ങളാണ്. ചിലപ്പോൾ മൂത്രത്തിൽ രക്തവും കാണാം. പ്രായമായവർ പലരും ഇവ പ്രായത്തിന്റെ ഭാഗമാണെന്നു കരുതി ചികിത്സ തേടാൻ മടിക്കാറുണ്ട്. എന്നാൽ രോഗം തിരിച്ചറിയാനും ചികിത്സിച്ച് ഭേദമാക്കാനും സമയബന്ധിതമായ പരിശോധന അത്യാവശ്യമാണ്.

പ്രോസ്റ്റേറ്റ് വലുതാകുന്ന സാധാരണ അവസ്ഥകളിൽ മരുന്നുകൾ കൊണ്ടുതന്നെ പലർക്കും ആശ്വാസം ലഭിക്കും. മൂത്രധാര മെച്ചപ്പെടുത്തുന്ന മരുന്നുകളും പ്രോസ്റ്റേറ്റിന്റെ വലുപ്പം കുറയ്ക്കുന്ന മരുന്നുകളും സാധാരണയായി ഉപയോഗിക്കുന്നു. മരുന്നുകൾ കൊണ്ട് നിയന്ത്രിക്കാനാകാത്ത സാഹചര്യങ്ങളിൽ ശസ്ത്രക്രിയ ആവശ്യമായി വരാം. തുടക്കത്തിൽ പലപ്പോഴും ലക്ഷണങ്ങളൊന്നും കാണിക്കാതെ നിശ്ശബ്ദമായി മൂർച്ഛിക്കാൻ സാധ്യതയുള്ളതാണ് പ്രോസ്റ്റേറ്റ് കാൻസർ. അതുകൊണ്ടു തന്നെ 50 വയസ്സിന് മുകളിലുള്ളവർക്ക് സ്ഥിരമായ ആരോഗ്യപരിശോധന പ്രധാനമാണ്. കുടുംബത്തിൽ പ്രോസ്റ്റേറ്റ് കാൻസറുള്ള അടുത്ത ബന്ധുക്കൾ ഉള്ളവർ കൂടുതൽ ജാഗ്രത പാലിക്കണം.

പ്രോസ്റ്റേറ്റ് കാൻസറിനുള്ള 'റോബട്ടിക് റാഡിക്കൽ പ്രോസ്റ്റേറ്റക്ടമി' ഇന്ന് ലോകമെങ്ങും വ്യാപകമായി ഉപയോഗിക്കുന്നു. റോബട്ടിക് ശസ്ത്രക്രിയയുടെ പ്രധാന ഗുണം സൂക്ഷ്മമായ നാഡികളും മറ്റും കൂടുതൽ കൃത്യതയോടെ സംരക്ഷിക്കാനാകുമെന്നതാണ്. ഇതിലൂടെ മൂത്രനിയന്ത്രണ പ്രശ്നങ്ങളും ലൈംഗിക ശേഷിയുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകളും കുറയ്ക്കാം. ചെറിയ മുറിവുകളിലൂടെ ശസ്ത്രക്രിയ നടത്തുന്നതിനാൽ രക്തസ്രാവവും വേദനയും കുറയും. രോഗിക്ക് വേഗത്തിൽ സാധാരണ ജീവിതത്തിലേക്ക് മടങ്ങാനും കഴിയും. എല്ലാ പ്രോസ്റ്റേറ്റ് കാൻസറിനും ശസ്ത്രക്രിയ ആവശ്യമില്ല. ചില രോഗികളിൽ നിരീക്ഷണം മാത്രം മതിയാകാം. ചിലർക്കു റേഡിയേഷൻ ചികിത്സയോ ഹോർമോൺ ചികിത്സയോ ആവശ്യമായി വരാം. രോഗത്തിന്റെ ഘട്ടം, രോഗിയുടെ പ്രായം, മറ്റ് ആരോഗ്യപ്രശ്നങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ചികിത്സ നിശ്ചയിക്കുന്നത്.



യങ് മൈൻഡ്സ് ഇന്റർനാഷണൽ ഇന്ത്യ ഏരിയ സമ്മേളനത്തിന്റെ പ്രഖ്യാപനം എറണാകുളം പ്രസ്സ് ക്ലബ്ബിൽ നിയുക്ത ഏരിയ പ്രസിഡന്റ് ഐ.സി രാജു, റീജ്യണൽ ചെയർമാൻ ജോസ് അൽഫോൻസ്, സമ്മേളന സമിതി ചെയർമാൻ സന്തോഷ് ജോർജ്ജ്, ഏരിയ ട്രഷറർ പ്രതീഷ് പോൾ എന്നിവർ നടത്തുന്നു.

# യങ് മൈൻഡ്സ് ഇന്റർനാഷണൽ ഇന്ത്യ ഏരിയ സമ്മേളനം മന്ത്രി അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്യും

**പാർപ്പിടം, വിദ്യാഭ്യാസം, ചികിത്സാ സഹായം തുടങ്ങിയവ ഉൾപ്പെടെ പത്ത് കോടി രൂപയുടെ സാമൂഹ്യ സേവന പ്രവർത്തനങ്ങൾ ഈ വർഷം നടപ്പാക്കും**

**കൊച്ചി:** അന്തരാഷ്ട്ര സന്നദ്ധ സേവന സംഘടനയായ യങ് മൈൻഡ്സ് ഇന്റർനാഷണലിന്റെ ഇന്ത്യ ഏരിയയുടെയും റീജിയൺ രണ്ടിന്റെയും സംയുക്ത സമ്മേളനവും ഭാരവാഹികളുടെ സ്ഥാനാരോഹണവും ഇന്ന് നടക്കും. കൊച്ചി പാലാരിവട്ടം ഹോട്ടൽ റിനൈയിൽ വൈകിട്ട് 6ന് കൺവെൻഷൻ ചെയർമാൻ സന്തോഷ് ജോർജിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗം സംസ്ഥാന ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അനൂപ് ജേക്കബ് സമ്മേളനം ഉദ്ഘാടനം ചെയ്യും. സംഘടനയുടെ ഈ വർഷത്തെ പ്രധാന സാമൂഹ്യ സേവന പദ്ധതിയായ റീനൽ കെയർ ആൻഡ് ഡയാലിസിസ് പദ്ധതിയുടെയുടെയും പാർപ്പിട പദ്ധതിയുടെയും ഉദ്ഘാടനം ഉമ തോമസ് എം.എൽ.എ നിർവ്വഹിക്കും. നയാര പെട്രോളിയം ചെയർമാനും മാനേജിങ് ഡയറക്ടറുമായ പ്രസാദ് പണിക്കർ മുഖ്യപ്രഭാഷണം നടത്തും.

അടുത്ത ഒരു വർഷക്കാലം അർഹരായ കിഡ്നി രോഗികൾക്ക് സ്വാന്തനമായി സൗജന്യ ഡയാലിസിസ് കൂപ്പൺ വിതരണം റീനൽ കെയർ ആൻഡ് ഡയാലിസിസ് പദ്ധതിയുടെ ഭാഗമായി നൽകും. നടന്നുവരുന്ന ഡയാലിസിസ് പദ്ധതി കുടുതൽ ആശുപത്രികളുമായി ചേർന്ന് ഡയാലിസിസ് മെഷീനുകൾ ഉൾപ്പെടെ സ്ഥാപിച്ച് സൗജന്യ ഡയാലിസിസ് സേവനം വിപുലീകരിക്കും. അർഹരായവരെ കണ്ടെത്തി പാർപ്പിടം, വിദ്യാഭ്യാസം, ചികിത്സാ സഹായം തുടങ്ങിയവ ഉൾപ്പെടെ പത്ത് കോടി രൂപയുടെ സാമൂഹ്യ സേവന പ്രവർത്തനങ്ങൾ ഈ വർഷം നടപ്പാക്കുമെന്ന് സമ്മേളന സമിതി ചെയർമാൻ സന്തോഷ് ജോർജ്ജ്, നിയുക്ത ഏരിയ പ്രസിഡന്റ് ഐ.സി രാജു, റീജ്യണൽ ചെയർമാൻ ജോസ് അൽഫോൻസ്, ഏരിയ ട്രഷറർ പ്രതീഷ് പോൾ എന്നിവർ എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

സമ്മേളനത്തിൽ യങ് മൈൻഡ്സ് ഇന്റർനാഷണണൽ പ്രസിഡന്റ് ഡോ. കെ.സി സാമുവൽ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം നടത്തും. ഇന്ത്യ ഏരിയയുടെ ഭാരവാഹികളായി ഐ.സി രാജു (പ്രസിഡന്റ്) ജേക്കബ് ഫിലിപ്പ് (സെക്രട്ടറി) പ്രതീഷ് പോൾ (ട്രഷറർ) സുരേഷ് കുമാർ (ബുള്ളറ്റിൻ എഡിറ്റർ) റീജിയണൽ ഭാരവാഹികളായി എം.എസ്.അനിൽ കുമാർ (ചെയർമാൻ) മിനു അന്ന മാത്യു (സെക്രട്ടറി), മധു മേനോൻ (ട്രഷറർ) രാജേഷ് അറക്കൽ (ബുള്ളറ്റിൻ എഡിറ്റർ) എന്നിവർ സ്ഥാനം ഏറ്റെടുക്കും

ചടങ്ങിൽ ഇന്റർനാഷനൽ സെക്രട്ടറി ജനറൽ മാത്തുക്കുട്ടി സെബാസ്റ്റ്യൻ, ട്രഷറർ ആന്റണി ജോസഫ്, ബുള്ളറ്റിൻ എഡിറ്റർ ഡാനിയേൽ തോമസ്, ഏരിയ പ്രസിഡന്റ് ആന്റോ.കെ ആന്റണി, ഏരിയ സെക്രട്ടറി മൈക്കിൾ കെ.മൈക്കിൾ, റീജിയണൽ ചെയർമാൻ ജോസ് അൽഫോൺസ്, ഗ്രാൻഡ് കൗൺസിൽ അംഗങ്ങളായ ഐസക് പാലത്തിങ്കൽ, കെ.എം സ്കറിയച്ചൻ, ഇന്റർനാഷനൽ പ്രസിഡിയം അംഗം ബിജുമോൻ കെ എസ് എന്നിവർ പ്രസംഗിക്കും.

# പുതിയ ഇപിഎഫ്ഒ പോർട്ടൽ നിലവിൽ വന്നു

**മുംബൈ:** കോടിക്കണക്കിനു വരുന്ന പിഎഫ് വരിക്കാർക്ക് ഏറെ ആശ്വാസം നൽകിക്കൊണ്ട് തങ്ങളുടെ ഡിജിറ്റൽ സംവിധാനങ്ങൾ വൻതോതിൽ പരിഷ്കരിച്ച് എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് ഓർഗനൈസേഷൻ (ഇപിഎഫ്ഒ). എല്ലാ പ്രധാന പിഎഫ് സേവനങ്ങളും ഇനിമുതൽ ഒരൊറ്റ പ്ലാറ്റ്ഫോമിനു കീഴിൽ ലഭ്യമാകും. പഴയ പോർട്ടലുകളിലെ സാങ്കേതിക തടസങ്ങളും ക്ലെയിമുകൾ മാറിക്കിട്ടാനുള്ള കാലതാമസവും ഇനി പഴങ്കഥയാകും. ഷെഡ്യൂൾ ചെയ്ത ബ്ലാക്ക്ഔട്ട് പിരീഡ്പൂർത്തിയായതോടെ പുതിയ കേന്ദ്രീകൃത പോർട്ടൽ ഈയാഴ്ചമുതൽ പൂർണതോതിൽ പ്രവർത്തനസജ്ജമാകും.

ഇതുവരെ വികേന്ദ്രീകൃത രീതിയിലായിരുന്നു ഇപിഎഫ്ഒ പ്രവർത്തിച്ചിരുന്നത്. അതായത്, ഓരോ റീജണൽ ഓഫീസുകളും സ്വതന്ത്രമായാണു കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത്. വരിക്കാർക്ക് എന്തെങ്കിലും ആവശ്യങ്ങൾക്കോ പരാതിപരിഹാരങ്ങൾക്കോ തങ്ങളുടെ അക്കൗണ്ടുള്ള റീജണൽ ഓഫീസിനെത്തന്നെ ആശ്രയിക്കേണ്ടിവന്നിരുന്നു.

എന്നാൽ, പുതിയ മാറ്റത്തോടെ ഈ രീതി പൂർണമായും മാറി. രാജ്യമൊട്ടാകെയുള്ള ഏത് ഇപിഎഫ്ഒ ഓഫീസിലൂടെയും ഇനിമുതൽ വരിക്കാരുടെ അപേക്ഷകൾ പ്രോസസ് ചെയ്യാൻ സാധിക്കും. ഇതു സേവനങ്ങൾ വേഗത്തിലാക്കാനും പ്രാദേശിക ഓഫീസുകളിലെ അനാവശ്യ കാലതാമസം ഒഴിവാക്കാനും സഹായിക്കും.

2025-26 സാമ്പത്തികവർഷത്തെ ഇപിഎഫ് നിക്ഷേപങ്ങളുടെ പലിശ വിതരണം ചെയ്യാനുള്ള നടപടികൾ ഇപിഎഫ്ഒ ആരംഭിച്ചുകഴിഞ്ഞു. നിലവിൽ ഇതിനായുള്ള ഫീൽഡ് വെരിഫിക്കേഷൻ പുരോഗമിക്കുകയാണ്. വരും ദിവസങ്ങളിൽ ഇത് പൂർത്തിയാകുന്നതോടെ 1.44 ലക്ഷം കോടി രൂപ 34 കോടിയിലധികം വരുന്ന അക്കൗണ്ടുകളിലേക്ക് അടുത്തയാഴ്ചയോടെ ക്രെഡിറ്റ് ചെയ്യപ്പെടും. അടുത്ത വർഷം മുതൽ ഈ പലിശ വിതരണ പ്രക്രിയ പൂർണമായും ഓട്ടോമേറ്റഡ് ആക്കുമെന്നും അധികൃതർ വ്യക്തമാക്കി.

പുതിയ മാറ്റങ്ങളിൽ ഏറ്റവും പ്രധാനം യൂണിഫൈഡ് മെംബർ പോർട്ടൽ ആണ്. മുമ്പ് പല ആവശ്യങ്ങൾക്കായി വരിക്കാർക്ക് വ്യത്യസ്ത പോർട്ടലുകളെ ആശ്രയിക്കേണ്ടി വന്നിരുന്നു. എന്നാൽ, ഇനിമുതൽ ലോഗിൻ ചെയ്യുന്നതിലൂടെ പിഎഫ് ബാലൻസ് പരിശോധിക്കാനും ക്ലെയിമുകളുടെ സ്റ്റാറ്റസ് അറിയാനും മറ്റ് സേവനങ്ങൾ ഉപയോഗിക്കാനും ഒരൊറ്റ ഇടത്തിൽ സാധിക്കും.


സാങ്കേതിക നവീകരണത്തിന്റെ ഭാഗമായി ഇപിഎഫ്ഒ തങ്ങളുടെ ആഭ്യന്തരനടപടികൾ പലതും ഓട്ടോമേറ്റഡ് ആക്കിയിട്ടുണ്ട്. അപേക്ഷകൾ നിരസിക്കപ്പെടുന്നത് കുറയ്ക്കാൻ പുതിയ സംവിധാനം സഹായിക്കും. പുതിയ പോർട്ടലിൽ അപേക്ഷ സമർപ്പിക്കുന്നതിന് മുന്പുതന്നെ ഓരോ ക്ലെയിമിനുമുള്ള യോഗ്യതകൾ വരിക്കാർക്ക് നേരിട്ടു കാണാൻ സാധിക്കും. ഇതു തെറ്റായ വിവരങ്ങൾ നൽകുന്നത് ഒഴിവാക്കാനും അപേക്ഷകൾ കൃത്യമായി ഫയൽ ചെയ്യാനും സഹായിക്കും.

അതേസമയം, വിവരങ്ങളും രേഖകളും സമർപ്പിച്ചശേഷമുള്ള പ്രോസസിംഗ് പ്രക്രിയയുടെ ഭാഗമായി രണ്ടാഴ്ചത്തേക്ക് ക്ലെയിമുകൾക്കും ചില പ്രത്യേക സേവനങ്ങൾക്കും സാധാരണയേക്കാൾ അല്പം കൂടുതൽ സമയമെടുത്തേക്കാമെന്നും തിരക്കുള്ള സമയങ്ങളിൽ ഓൺലൈൻ സേവനങ്ങൾ നിരന്തരം ഉപയോഗിക്കാൻ ശ്രമിക്കുന്നതും ഒരേ അഭ്യർഥനകൾ ആവർത്തിച്ച് സമർപ്പിക്കുന്നതും ഒഴിവാക്കണമെന്നും ഇപിഎഫ്ഒ അഭ്യർഥിച്ചു.



# റോട്ടറി കൊച്ചിൻ പെരിയാർ ക്ലബ്ബ് ഡയാലിസിസ് കിറ്റുകൾ കൈമാറി

**കൊച്ചി:** റോട്ടറി കൊച്ചിൻ പെരിയാർ ക്ലബ്ബ് ഡയാലിസിസ് കിറ്റുകൾ കൈമാറി. ദേശീയ ഡോക്ടേഴ്സ് ദിനത്തിൽ ഗിഫ്റ്റ് ഓഫ് ഹോപ്പ് എന്ന റോട്ടറിയുടെ പ്രൊജക്റ്റിന്റെ ഭാഗമായാണ് 25 രോഗികൾക്കുള്ള ഡയാലിസിസ് കിറ്റുകൾ കൈമാറിയത്.തണൽ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ എം.വി.അബ്ദുൾ റഷീദ് റോട്ടറി കൊച്ചിൻ പെരിയാർ ക്ലബ്ബ് പ്രസിഡന്റ് ആർ. അജിത് കുമാറിൽ നിന്ന് കിറ്റുകൾ ഏറ്റുവാങ്ങി. റോട്ടറി ക്ലബ് സെക്രട്ടറി ജോർജ് അമ്പൂക്കൻ, നരേന്ദ്രകുമാർ, ഉമ്മർ ഫാറൂഖ്, തണൽ ഡയാലിസിസ് സെൻറർ ഡിപ്പാർട്ടമന്റ് മേധാവി ഡോ. ബിബിൻ, ഡോ.സനം ഫർഹാ, നൗഷാദ്, സുജിത്ത് സൈമൺ, ഹാരിസ്, ശശികുമാർ, ഡയാലിസിസ് ഇൻ ചാർജ് സുബിൻ, സൈദ് മുഹമ്മദ്, തണൽ ഡയറക്ടർ തൽഹത്ത് തുടങ്ങിയവർ പ്രസംഗിച്ചു.



# ഡിസ്പെയിസ് ഇന്ത്യ സോഫ്റ്റ്‌വേർ ആൻഡ് ടെക്നോളജി

**തിരുവനന്തപുരം:** ജർമനി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡിസ്പെയിസ് ഗ്രൂപ്പിന്റെ ഇന്ത്യൻ വിഭാഗമായ ഡിസ്പെയിസ് ഇന്ത്യ സോഫ്റ്റ് വേർ ആൻഡ് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് തിരുവന്തപുരത്ത് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നു. ഇത് ഓട്ടോമോട്ടീവ് മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് ഡിസ്പെയിസ് ഇന്ത്യ സോഫ്റ്റ്‌വേർ ആൻഡ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഫ്രാങ്ക്ളിൻ ജോർജ് അറിയിച്ചു.

കമ്പനിയുടെ ഗ്ലോബൽ കോംപിറ്റൻസി സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതോടെ നിരവധി പുതിയ തൊഴിലവസരങ്ങളാണ് ഉറപ്പാക്കുന്നത്. പുതിയ വികസനത്തോടെ വിവിധ എൻജിനിയറിംഗ് മേഖലകളിൽ അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. ദീർഘകാല അടിസ്ഥാനത്തിൽ കമ്പനിയുടെ വളർച്ച മുന്നിൽ കണ്ടുകൊണ്ടാണു പുതിയ പദ്ധതികൾ നടപ്പിൽ വരുത്തുന്നത്.

ഡിസ്പെയിസ് ഗ്രൂപ്പിന്റെ ആഗോള ഗവേഷണ വികസനത്തിനും, ഉത്പന്ന വികസനത്തിനും പ്രധാന കേന്ദ്രമായി തിരുവനന്തപുരം കിൻഫ്രാ പാർക്കിൽ പ്രവർത്തിക്കുന്ന ഡിസ്പെയിസ് ഇന്ത്യ സോഫ്റ്റ് വെയർ ആൻഡ് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് മാറിക്കഴിഞ്ഞു.

ഇന്ത്യൻ ഓട്ടോമോട്ടീവ് വിപണിയിലെ സാധ്യതകൾ മുന്നിൽ കണ്ട് പ്രാദേശിക ആവശ്യങ്ങൾക്ക് ഉതകുന്ന നൂതന ഹാർഡ് വേർ, സോഫ്റ്റ് വേർ എന്നിവ വികസിപ്പിക്കാനാണു കമ്പനി ലക്ഷ്യമിടുന്നതെന്ന് ഡിസ്പെയിസ് ഇന്ത്യ സോഫ്റ്റ്‌വേർ ആൻഡ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഫ്രാങ്ക്ളിൻ ജോർജ് അഭിപ്രായപ്പെട്ടു. ഉത്പന്നങ്ങളുടെ വൈവിധ്യവത്കരണവും മികച്ച സാങ്കേതിക വിദഗ്ധരുടെ സാന്നിധ്യവും ഡിസ്പെയിസ് ഇന്ത്യ സോഫ്റ്റ്‌വേർ ആൻഡ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡിൻറെ വളർച്ചയ്ക്കു കാരണമായതായി അദ്ദേഹം കൂട്ടിച്ചേർത്തു.

# ആസ്റ്റർ മെഡ്സിറ്റിയിൽ ചരിത്രം കുറിച്ച് ടെലിറോബോട്ടിക് സർജറി

**കൊച്ചി:** നേരിട്ടുള്ള ശാരീരിക സമ്പർക്കമില്ലാതെ, വിദൂര റോബോട്ടിക് കണക്ഷനിലൂടെ സങ്കീർണ്ണമായ ശസ്ത്രക്രിയകൾ സുരക്ഷിതമായി ചെയ്യാൻ കഴിയുമെന്ന് തെളിയിച്ചുകൊണ്ട്, കേരളത്തിലെ ആദ്യത്തെ ടെലിറോബോട്ടിക് യൂറോളജി ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി ആസ്റ്റർ മെഡ്സിറ്റി. പ്രോസ്റ്റേറ്റ് ക്യാൻസർ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന അത്യാധുനിക ശസ്ത്രക്രിയയായ 'റോബോട്ട് അസിസ്റ്റഡ് റാഡിക്കൽ പ്രോസ്റ്റെറ്റെക്ടമി' (ആർഎആർപി) ആണ് രോഗിക്ക് വിധേയമാക്കിയത്.

കൊല്ലം സ്വദേശിയായ 70 വയസ്സുകാരനായ രോഗിയെ കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റിയിലാണ് പ്രവേശിപ്പിച്ചിരുന്നത്. ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ആസ്റ്റർ മെഡ്സിറ്റിയിലെ യൂറോ ഓങ്കോളജി & ട്രാൻസ്പ്ലാന്റ് സർജറി സീനിയർ കൺസൾട്ടന്റ് ഡോ.ടി.എ.കിഷോർ 1,500 കിലോമീറ്റർ അകലെ ഗുജറാത്തിലെ വാപിയിലുള്ള മെറിൽ അക്കാദമിയിൽ ഇരുന്നാണ് രണ്ട് മണിക്കൂർ നീണ്ട ഈ പ്രക്രിയ പൂർണ്ണമായും നിയന്ത്രിച്ചത്. ദീർഘദൂര ടെലിസർജറി രംഗത്തെ ഒരു നിർണ്ണായക ചുവടുവെപ്പാണ്




**യൂറോ ഓങ്കോളജി & ട്രാൻസ്പ്ലാന്റ് സർജറി സീനിയർ കൺസൾട്ടന്റ് ഡോ. കിഷോർ ടി.എ., ഗുജറാത്തിലെ വാപിയിലുള്ള മെറിൽ അക്കാദമിയിൽ ഇരുന്നുകൊണ്ട് കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റിയിലുള്ള രോഗിയിൽ കേരളത്തിലെ ആദ്യത്തെ ടെലിറോബോട്ടിക് യൂറോളജി ശസ്ത്രക്രിയ നടത്തുന്നു.**

ഈ നേട്ടം. സ്ഥലപരിമിതികൾ ഒട്ടും ബാധിക്കാതെ, ലോകത്തിന്റെ ഏത് കോണിലിരുന്നും അത്യാധുനിക ശസ്ത്രക്രിയകൾ നടത്താൻ സാധിക്കുമെന്ന വലിയൊരു സാധ്യതയ്ക്കാണ് ഇത് വഴിതുറന്നിരിക്കുന്നത്. ഇതിലൂടെ വിദഗ്ദ്ധ സർജന്മാർക്ക് തത്സമയ സഹായവും മെന്ററിംഗും അടിയന്തിര ഇടപെടലുകളും ആഗോളതലത്തിൽ എവിടെയും നൽകാൻ സാധിക്കും. വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത ഉൾനാടൻ പ്രദേശങ്ങൾ, ദ്വീപുകൾ, സൈനിക മേഖലകൾ, ദുരന്തബാധിത പ്രദേശങ്ങൾ എന്നിവടങ്ങളിലേക്ക് മികച്ച ശസ്ത്രക്രിയാ പരിചരണം തടസ്സമില്ലാതെ എത്തിക്കാൻ ഈ സാങ്കേതിക മുന്നേറ്റത്തിന് സാധിക്കും.

'സർജൻ ശസ്ത്രക്രിയാസ്ഥലത്ത് നേരിട്ട് എത്താതെ തന്നെ, രോഗികൾക്ക് ലോകോത്തര ശസ്ത്രക്രിയാ വൈദഗ്ദ്ധ്യം ലഭ്യമാക്കാൻ സാങ്കേതികവിദ്യയ്ക്ക് സാധിക്കുമെന്നും സ്ഥലവും ദൂരവും ഇതിന് ഒരു തടസ്സമല്ലെന്നും ഈ ശസ്ത്രക്രിയിലുടെ തെളിയിക്കപ്പെട്ടുവെന്നും ഭാവിയിൽ ഇതിന്റെ സാധ്യതകൾ വളരെ വലുതാണെന്നും ഡോ. ടി.എ.കിഷോർ അഭിപ്രായപ്പെട്ടു.

'മെറിൽ മിസ്സോ റോബോട്ട്' ഉപയോഗിച്ചാണ് ഈ ശസ്ത്രക്രിയ നടത്തിയത്. ഗുജറാത്തിലെ സർജൻ കൺസോളിലിരുന്ന് ഡോ. കിഷോർ നൽകിയ ചലനങ്ങൾ, സുരക്ഷിതവും അതിവേഗത്തിലുള്ളതുമായ നെറ്റ്‌വർക്ക് കണക്ഷൻ വഴി തത്സമയം കേരളത്തിലെ രോഗിയെ ഓപ്പറേറ്റ് ചെയ്യുന്ന റോബോട്ടിക് കൈകളിലേക്ക് കൈമാറുകയായിരുന്നു. പൂർണ്ണമായ കൃത്യത ഉറപ്പാക്കുന്നതിനായി, ആഴ്ചകൾ നീണ്ട ആസൂത്രണവും സാങ്കേതിക സിമുലേഷനുകളും കണക്റ്റിവിറ്റി പരിശോധനകളും ടീമുകൾ നടത്തിയിരുന്നു. ഇതിലൂടെ തടസ്സമില്ലാത്ത ആശയവിനിമയവും കമാൻഡുകളുടെ തത്സമയ കൈമാറ്റവും ഉറപ്പാക്കി. ശസ്ത്രക്രിയയിലുടനീളം കർശനമായ സുരക്ഷാ പ്രോട്ടോക്കോളുകളോടെ രോഗിയുടെ സുരക്ഷയ്ക്കായിരുന്നു മുൻഗണന. യോഗ്യതയും പരിചയസമ്പന്നതയുമുള്ള ഒരു റോബോട്ടിക് സർജിക്കൽ ആൻഡ് അനസ്തേഷ്യ ടീം കൊച്ചിയിൽ രോഗിയുടെ അരികിൽ നേരിട്ട് ഉണ്ടായിരുന്നു. രോഗിയുടെ പൊസിഷനിംഗ്, പോർട്ട് പ്ലേസ്മെന്റ്, റോബോട്ടിക് സിസ്റ്റം ഡോക്കിംഗ്, ഉപകരണങ്ങൾ മാറ്റൽ, നിരന്തര നിരീക്ഷണം തുടങ്ങിയ നിർണ്ണായക ചുമതലകൾ ഈ ബെഡ്സൈഡ് ടീമാണ് നിർവ്വഹിച്ചത്. നെറ്റ്‌വർക്ക് തടസ്സങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ പോലും രോഗിയുടെ സുരക്ഷയിൽ യാതൊരു വിട്ടുവീഴ്ചയും വരാത്ത രീതിയിൽ, ശസ്ത്രക്രിയ ഉടനടി ഏറ്റെടുക്കാൻ ഈ ടീം പൂർണ്ണ സജ്ജരായിരുന്നു. വിജയകരമായ ശസ്ത്രക്രിയയ്ക്ക് ശേഷം, രോഗി വളരെ വേഗത്തിൽ സുഖം പ്രാപിക്കുകയും മികച്ച ആരോഗ്യാവസ്ഥ പ്രകടിപ്പിക്കുകയും ചെയ്തതിനെ തുടർന്ന് മൂന്ന് ദിവസങ്ങൾകൊണ്ട് തന്നെ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്തു.




# പൂനെയിൽനിന്നും പ്രാഗിലെത്തി കൈലാഖ്; താണ്ടിയത് 19,351 കിലോമീറ്റർ ദൂരം

**കൊച്ചി:** ഇന്ത്യയിലേയും ചെക്ക് റിപ്പബ്ലിക്കിലേയും വിദഗ്ദ്ധർ ചേർന്ന് ഇന്ത്യയ്ക്കായി വികസിപ്പിച്ച, സ്കോഡ ഓട്ടോയുടെ നാല് മീറ്ററിൽ താഴെയുള്ള ആദ്യത്തെ എസ്.യു.വിയായ കൈലാഖ് പൂനെയിൽ നിന്നും 19,351 കിലോമീറ്റർ റോഡുമാർഗം ചെക്ക് റിപ്പബ്ലിക്കിലെ പ്രാഗിലെത്തി. ഒരു ഇന്ത്യൻ നിർമ്മിത പാസഞ്ചർ വാഹനം നടത്തുന്ന ഏറ്റവും ദൈർഘ്യമേറിയ യാത്രയാണിത്. പൂനെയിലെ സ്കോഡ വാഹന നിർമ്മാണ യൂണിറ്റിൽനിന്നും യാത്ര തിരിച്ച കൈലാഖ് 70 ദിവസം കൊണ്ടാണ് ചെക്കിലെ പ്രാഗിൽ എത്തിയത്. സ്കോഡ ഓട്ടോ ഇന്ത്യയുടെ ഏറ്റവും പുതിയ എസ് യു വിയായ കൈലാഖ് ജന്മരാജ്യത്തുന്നും ആഗോള ബ്രാൻഡിന്റെ മാതൃരാജ്യത്തിലേക്ക് നടത്തിയ യാത്രയാണിത്.

ആഗോള വേദിയിൽ ഇന്ത്യൻ എഞ്ചിനീയറിങ്ങും മാനുഫാക്ചറിങ്ങും നടത്തിയ ശക്തിപ്രകടനമാണിതെന്ന് സ്കോഡ ഓട്ടോ ഇന്ത്യയുടെ ബ്രാൻഡ് ഡയറക്ടറായ ആശിഷ് ഗുപ്ത കൈലാഖിന്റെ യാത്രയെക്കുറിച്ച് പറഞ്ഞു.

കൈലാഖ് ഈ യാത്രയിൽ 13 രാജ്യങ്ങളിലെ എണ്ണമറ്റ ഡ്രൈവിങ് അവസ്ഥകളിലൂടെ യാത്ര ചെയ്തു. ഇന്ത്യൻ നിർമ്മിത കൈലാഖ് അതിന്റെ എഞ്ചിനീയറിങ് മികവ് യഥാർത്ഥലോകത്തിലെ അനുഭവങ്ങളിലൂടെ പ്രകടമാക്കിയെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഈ യാത്ര സ്കോഡ ഓട്ടോയുടെ ആഗോള ഭാവിയെ രൂപീകരിക്കുന്നതിൽ ഇന്ത്യയുടെ വളരുന്ന പങ്കിനെ വീണ്ടും ഉറപ്പിക്കുക മാത്രമല്ല ഇന്ത്യയിൽ ലോകോത്തര ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിലുള്ള തങ്ങളുടെ ആത്മവിശ്വാസത്തേയും അത് പ്രതിഫലിപ്പിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.പൂനെയിൽ നിന്നും മുംബൈ, വഡോദര, ഉദയ്പൂർ, ജയ്പൂർ, ആഗ്ര, ലഖ്നൗ വഴി ഗൊരഖ്പൂരിൽ വച്ച് ഇന്ത്യയുടെ അതിർത്തി കടന്ന് നേപ്പാളിലേക്ക് പ്രവേശിച്ചു.

പർവ്വത റോഡുകളും കടന്ന് നേപ്പാളും ടിബറ്റൻ പീഠഭൂമിയും പിന്നിട്ട് പുരാതന സിൽക്ക് പാതയിലൂടെ കിർഗിസ്ഥാൻ, ഉസ്ബെക്കിസ്താൻ, കസഖ്സ്ഥാൻ എന്നീ രാജ്യങ്ങളിലും കൈലാഖ് സഞ്ചരിച്ചു. തുർക്കി വഴി യൂറോപ്പിലേക്ക് പ്രവേശിച്ചു. തുടർന്ന് ബൾഗേറിയ, റൊമാനിയ, ഹംഗറി, സ്ലോവാക്യ രാജ്യങ്ങളും കടന്ന് പ്രാഗിലെത്തി. രണ്ട് ഭൂഖണ്ഡങ്ങളിലൂടെ 70 ദിവസം കൊണ്ട് 13 രാജ്യങ്ങളിൽ കൈലാഖ് യാത്ര നടത്തി. സ്കോഡ ഓട്ടോയുടെ അന്തസത്തയായ ലെറ്റ്സ് എക്സ്പ്ലോർ എന്ന വരികൾക്ക് സാധൂകരണം നൽകുന്ന യാത്രയായിരുന്നു അത്.

കൈലാഖ് സമുദ്രനിരപ്പിൽനിന്നും താഴെ 154 മീറ്റർ മുതൽ സമുദ്രനിരപ്പിനും മുകളിൽ 5,364 മീറ്റർ ഉയരം വരെയും താപനില മൈനസ് 12 ഡിഗ്രി സെൽഷ്യസ് മുതൽ 43 ഡിഗ്രി സെൽഷ്യസ് വരെയുള്ള പ്രദേശങ്ങളിലും യാത്ര ചെയ്തു. അസാധാരണമായ വൈവിധ്യമാർന്ന റോഡുകളും കാലാവസ്ഥകളും സംസ്കാരങ്ങളും ഭാഷകളും കൈലാഖ് അഭിമുഖീകരിച്ചു.

വാഹനത്തിന്റെ ശേഷിക്കൊപ്പം സ്ഥിരതയും ആവശ്യമായ യാത്രയായിരുന്നു അത്. വ്യത്യസ്തമായ യാത്ര സാഹചര്യങ്ങളിൽ ഓരോ കിലോമീറ്ററും കൈലാഖിന്റെ എഞ്ചിനീയറിങ്, ഡ്യൂറബിലിറ്റി, ഓരോ ദിനവും ആശ്രയിക്കാവുന്നത് പോലെയുള്ള ശേഷികൾ തെളിയിക്കപ്പെട്ടു.



# വി ഗാർഡ് അരിസോ വാട്ടർ ഹീറ്റർ ശ്രേണി അവതരിപ്പിച്ചു

**കൊച്ചി:** രാജ്യത്തെ ഉപഭോക്തൃ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ബ്രാൻഡായ വി ഗാർഡ്, രാജ്യത്തെ ആദ്യ ഗ്ലാസ് ഫിനിഷ് സ്റ്റോറേജ് വാട്ടർ ഹീറ്റർ ശ്രേണിയായ അരിസോ വിപണിയിലെത്തിച്ചു.

സ്ക്രാച്ച് പ്രതിരോധശേഷിയുള്ള ടഫൻഡ് ബ്ലാക്ക് ഗ്ലാസിൽ നിർമിച്ച മിഡ്നൈറ്റ് ഗ്ലാസ് ഫേഷ്യയാണ് അരിസോ സീരീസിന്റെ പ്രധാന സവിശേഷത. വെള്ളത്തിന്റെ താപനില നിറംമാറുന്ന ലൈറ്റ് ബാർ വഴി തത്സമയം അറിയിക്കുന്ന സ്മാർട്ട് ലൈറ്റ് ഇൻഡിക്കേറ്റർ സംവിധാനവും ഇതിലുണ്ട്.

ഡിജിറ്റൽ (ഡിജി) മോഡലുകളിൽ ഗ്ലാസിനു കീഴിൽ ഫ്ലഷ്എംബെഡഡ് ഡിസ്പ്ലേയും തെരഞ്ഞെടുത്ത മോഡലുകളിൽ റിമോട്ട് കൺട്രോൾ സൗകര്യവും നൽകിയിട്ടുണ്ടെന്ന് വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു.

# ദേശീയ മാരിടൈം സെമിനാർ എക്സിബിഷൻ 15 ന്

**തിരുവനന്തപുരം:** മാരിടൈം ബിസിനസ് ബുള്ളറ്റിന്റെയും വേൾഡ് മലയാളി കൗൺസിൽ ബ്ലൂ ഇക്കോണമി ഗ്ലോബൽ ഫോറത്തിന്റെയും നേതൃത്വത്തിൽ ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റി, വിവിധ അക്കാദമിക്, വ്യവസായ, സാമൂഹിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരള സമുദ്ര മിഷൻ 2026 എന്ന പേരിൽ ദേശീയ മാരിടൈം സെമിനാർ എക്സിബിഷൻ സംഘടിപ്പിക്കും.

15 ന് രാവിലെ ഒന്പതു മുതൽ രാത്രി 9.30 വരെ തിരുവനന്തപുരത്ത് തന്പാനൂർ ഡിമോറോ ഹോട്ടലിൽ സംഘടിപ്പിക്കും. 15ന് രാവിലെ ഒന്പതുമുതൽ വിദ്യാർഥികൾക്കും യുവജനങ്ങൾക്കും മാത്രമായി പ്രത്യേക കരിയർ ഗൈഡൻസ്, നൈപുണ്യ വികസന, സംരംഭകത്വ സെഷനുകളും നടക്കും.

ഉച്ചയ്ക്കു രണ്ടു മുതൽ രാത്രി 9.30 വരെ ഔദ്യോഗിക ചടങ്ങും ദേശീയ അന്തർദേശീയ വിദഗ്ധർ പങ്കെടുക്കുന്ന പ്രൊഫഷണൽ സെഷനുകളും സംഘടിപ്പിക്കും.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com